**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **13-02-2025 - ൽ മറുപടിയ്ക്ക്**

**സൂര്യാഘാതമേറ്റ് ചത്തുപോയ പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ കറവപ്പശുക്കളുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ കറവപ്പശുക്കളുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു:-<br><br>തിരുവനന്തപുരം - 45 എണ്ണം<br><br>കൊല്ലം - 65 എണ്ണം<br><br>ആലപ്പുഴ - 47 എണ്ണം<br><br>പത്തനംതിട്ട - 34 എണ്ണം<br><br>കോട്ടയം - 10 എണ്ണം<br><br>ഇടുക്കി - 19 എണ്ണം<br><br>എറണാകുളം - 25 എണ്ണം<br><br>തൃശ്ശൂർ - 33 എണ്ണം<br><br>പാലക്കാട് - 22 എണ്ണം<br><br>മലപ്പുറം - 47 എണ്ണം<br><br>കോഴിക്കോട് - 35 എണ്ണം<br><br>വയനാട് - 6 എണ്ണം<br><br>കണ്ണൂർ - 26 എണ്ണം<br><br>കാസറഗോഡ് - 21എണ്ണം |
| (ബി) | ഇത്തരത്തിൽ ചത്തുപോകുന്ന പശുകളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; നിലവിൽ അനുവദിക്കുന്ന ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ പശുക്കളുടെ ഉടമകൾക്ക് നാളിതുവരെ 1,63,12,500/- രൂപ (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിന് സാധ്യമല്ല. മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മുഖേനെ, ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ മരണപ്പെട്ടാൽ മാത്രമാണ് Accident including that due to natural calamities എന്ന വിഭാഗത്തിൽ ക്ലെയിം തുക അനുവദിയ്ക്കുന്നത്. കന്നുകാലികളുടെ മതിപ്പ് വിലയുടെ അടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് തുക കണക്കാക്കുന്നത്. 65,000/- രൂപ വരെ മതിപ്പ് വിലയുള്ള കന്നുകാലികൾക്ക് മാത്രമാണ് വകുപ്പ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. എത്ര തുകയ്ക്കാണോ ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുള്ളത് ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ലെയിം നൽകുന്നത്. കന്നുകാലിയുടെ ആരോഗ്യസ്ഥിതി, പാലുല്പാദന ക്ഷമത എന്നിവയെല്ലാം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്യുന്ന വെറ്ററിനറി ഡോക്ടർമാരാണ് മതിപ്പുവില കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ